LIBRARY ARCHIVES Kerala Legislative Assembly

മഴവെള്ള കൊയ്ത്ത്

121 [1060] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ നടപ്പിലാക്കുന്ന മഴവെള്ളക്കൊയ്ത്ത് കൃാമ്പയിന്റെ പ്രവർത്തനപുരോഗതി വ്യക്തമാക്കാമോ;

(ബി) വിവിധ ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള മാസ്റ്റർ എൻ. ജി. ഒ. ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി പദ്ധതിയുടെ ഭാഗമായി പൂർത്തീകരിച്ചിട്ടുള്ള മഴവെള്ള സംഭരണയൂണിറ്റുകളുടെ വിശദാംശങ്ങൾ ജില്ലതിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി, കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ നടപ്പാക്കിവരുന്ന മേൽക്കൂര മഴവെള്ളക്കൊയ്ത്ത് പദ്ധതിയായ വർഷ പദ്ധതി പ്രകാരം 1048 യൂണിറ്റുകൾ പൂർത്തീകരിച്ചു. ജലനിധി, കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസിവഴി മഴവെള്ള സംഭരണ പ്രചരണ പരിപാടിക്ക് 2004 ജൂണിൽ തുടക്കം കുറിച്ചു. എല്ലാ ജില്ലയിലും 50 മേസ്തിരിമാരെ ഫെറോസിമന്റ് സാങ്കേതികവിദ്യയിൽ പരിശീലനം നൽകി സജ്ജരാക്കി. എല്ലാ ജില്ലയിലും 10000 ലിറ്റർ സംഭരണശേഷിയുള്ള 35 സംഭരണികൾ നിർമ്മിച്ചുവരുന്നു. മഴവെള്ള സംഭരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുവാൻ കൈപുസ്തകങ്ങൾ ലഘുലേഖകൾ, പോസ്റ്ററുകൾ, സിനിമ സ്ലൈഡുകൾ, സ്റ്റിക്കറുകൾ, മതിലെഴുത്തുകൾ, കെ. എസ്. ആർ. ടി. സി. ബസ്സിൽ പരസ്യങ്ങൾ, സെമിനാറുകൾ, ടി. വി. ചാനലുകൾവഴിയുള്ള പരസ്യങ്ങൾ, ഡോക്യൂമെന്ററികൾ, ആകാശവാണി വഴിയുള്ള പരിപാടികൾ തുടങ്ങിയ വിവിധ ബോധവൽക്കരണ-പ്രചരണപരിപാടികൾ സംഘടിപ്പിച്ചുവരുന്നു. കേരളത്തിലെ ഗവ. മെഡിക്കൽ കോളേജുകൾ, ഗവ. വെറ്ററിനറി കോളേജ്, യൂണിവേഴ്സിറ്റി കോളേജ്, വിദ്യാലയങ്ങൾ തുടങ്ങി 64-ഓളം സ്ഥാപനങ്ങളിൽ സമഗ്ര മഴവെള്ള സംഭരണത്തിലധിഷ്ഠിതമായ ജലവിതരണ പദ്ധതികൾ നടപ്പിലാക്കാൻ തുടങ്ങി. എല്ലാ ജില്ലകളിലും 25 വകുപ്പുതല എൻജിനീയർമാർക്ക് ഫെറോസിമന്റ് ടെക്നോളജിയിൽ പരിശീലനം നൽകിവരുന്നു.

(ബി) വർഷ പദ്ധതികൾ —

അന്ത്യോദയ, സ്റ്റാർട്ട് ജലനിധി പദ്ധതികൾ

1. തിരുവനന്തപുരം — സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ
2. കൊല്ലം — ജില്ലാ നിർമ്മിതി കേന്ദ്രം

3. ആലപ്പുഴ — സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, കുട്ടനാട് വികസന സമിതി
4. പത്തനംതിട്ട — ബോധന, തിരുവല്ല
5. കോട്ടയം — സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ
6. ഇടുക്കി സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ
7. എറണാകുളം — രാജഗിരി ഔട്ട്റീച്ച്
8. തൃശ്ശൂർ - കോസ്റ്റ്ഫോർഡ്, തൃശ്ശൂർ, കിഡ്സ്, കോട്ടപ്പുറം
9. കോഴിക്കോട് --- ഓയിസ്ക
10. വയനാട് — ശ്രേയസ്
11. കണ്ണൂർ — കണ്ണൂർ ജില്ലാ ജല സംരക്ഷണ സമിതി
12. കാസർഗോഡ് --- സജൽധാരാ-II
13. പാലക്കാട് പി. എസ്. എസ്. റി.
14. മലപ്പുറം — സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ.

(സി) പൂർത്തീകരിച്ച യൂണിറ്റുകളുടെ എണ്ണം

ജില്ല	*കേരള വാട്ടർ അതോറിറ്റി*	*ജലനിധി*
തിരുവനന്തപുരം	130	35
കൊല്ലം	..	25
ആലപ്പുഴ	340	20
പത്തനംതിട്ട	..	35
കോട്ടയം	18	35
ഇടുക്കി	..	35
എറണാകുളം	560	35
തൃശ്ശൂർ	..	30
പാലക്കാട്	..	35
മലപ്പുറം	..	15
കോഴിക്കോട്	..	35
വയനാട്	..	35
കണ്ണൂർ	..	28
കാസർഗോഡ്	..	35
മൊത്തം	**1048**	**433**

LIBRARY ARCHIVES Kerala Legislative Assembly